"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ശ്രീ കെ എൻ സുരേഷ് മുതൽ പേർ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)39012/2022ൻമേലുള്ള 2-12-2022 തീയതിയിലെ വിധിന്യായം- നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2075/2023/LSGD തീയതി,തിരുവനന്തപുരം, 21-10-2023

---

പരാമർശം:- 1. ശ്രീ കെ എൻ സുരേഷ് മുതൽപേർ സമർപ്പിച്ച 11-4-2022 തീയതിയിലെ നിവേദനം(എക്സിബിറ്റ് പി 13-എക്സിബിറ്റ് പി 23)

2. ശ്രീ കെ എൻ സുരേഷ് മുതൽ പേർ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)39012/2022ൻമേലുള്ള 2-12-2022 തീയതിയിലെ വിധിന്യായം

**<u>ഉത്തരവ്</u>**

ശ്രീ കെ എൻ സുരേഷ് മുതൽ പേർ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)39012/2022 ൻമേലുള്ള പരാമർശം (2) വിധിന്യായം പ്രകാരം, വിധിന്യായം ലഭിച്ച് മൂന്നു മാസത്തിനുള്ളിൽ, അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന നിവേദനം പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. 1998 മുതൽ കൊച്ചി നഗരസഭയിൽ ദിവസവേതന ജീവനക്കാരായി ജോലി ചെയ്യാൻ തുടങ്ങിയ തങ്ങൾ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും 2015-ൽ മാത്രമാണ് റഗുലറൈസ് ചെയ്തതെന്നും പരാതിക്കാർ ഉൾപ്പെട്ടിരുന്ന സീനിയോറിറ്റിലിസ്റ്റിലുള്ളവരിൽ 1-4-2013 ന് മുമ്പ് സ്ഥിരപ്പെട്ടവർ സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായത്തിൽ ഉൾപ്പെട്ടപ്പോൾ, അപേക്ഷകർ നാഷണൽ പെൻഷൻ സിസ്റ്റത്തിലാണ് ഉൾപ്പെട്ടതെന്നും, അപേക്ഷകർ താഴ്ന്ന വരുമാനക്കാരായതിനാൽ നാഷണൽ പെൻഷൻ സിസ്റ്റത്തിൽ ഉൾപ്പെടുത്തിയത് വളരെ പ്രയാസം ഉണ്ടാക്കുന്നുവെന്നും ആയതിനാൽ അപേക്ഷകരെ സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നതാണ് അപേക്ഷകരുടെ ആവശ്യം.

3. സർക്കാർ അപേക്ഷകരുടെ ആവശ്യം വിശദമായി പരിശോധിച്ചു. 7-1-2013 ലെ GO(P)20/2013/Fin ഉത്തരവ് പ്രകാരം 1-4-2013 മുതൽ സ്ഥിര നിയമനം ലഭിക്കുന്ന എല്ലാ ജീവനക്കാർക്കും ദേശീയ പെൻഷൻ പദ്ധതി (National Pension System) ബാധകമാണ്. സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം തസ്തികകളിലെ നിയമനം കേരള മുൻസിപ്പൽ ആക്ട് സെക്ഷൻ 224(1) പ്രകാരം അതാത് മുൻസിപ്പൽ കൗൺസിലുകളുടെ അധികാരപരിധിയിലാണ്. എന്നാൽ ടി നിയമനങ്ങൾ 22/04/1982 തീയതിയിലെ സ . ഉ .( എം . എസ് ) നം .14/82/ എൽ. ബി. ആർ , 29/03/2001 തീയതിയിലെ സ . ഉ .( എം. എസ്) നം .91/2001/ തസ്വഭവ എന്നീ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ നടത്താനാകൂ ആയത് അനുസരിച്ച് പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിതരായവർക്കോ

"31/12/2000 വരെ ദിവസക്കൂലിയടിസ്ഥാനത്തിൽ വിവിധ നഗരസഭകൾ നിയമിച്ച തൊഴിലാളികൾ ക്കോ മാത്രമേ കണ്ടിജന്റ് ജീവനക്കാർക്കുള്ള ബദൽ ലിസ്റ്റിൽ സീനിയോറിറ്റി അനുസരിച്ച് നിയമിക്കപ്പെടുന്നതിനും അതുവഴി സ്ഥിരം തസ്തികകളിലെ ഒഴിവുകളിൽ സ്ഥിരപ്പെടുന്നതിനും അർഹതയുള്ളു. നഗരസഭകളിലെ കണ്ടിജന്റ് ജീവനക്കാരുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണെങ്കിലും കൊച്ചി നഗരസഭയിൽ മട്ടാഞ്ചേരി മുനിസിപ്പാലിറ്റി, എറണാകുളം മുനിസിപ്പാലിറ്റി എന്നീ രണ്ട് മേഖലകളിലായി 2 സി.എൽ.ആർ തൊഴിലാളികളുടെ ലിസ്റ്റ് നിലനിന്നിരുന്നതിനാൽ ഏകീകൃത ലിസ്റ്റ് തയ്യാറാക്കുന്നതിന് ഉത്തരവാകുകയും ആയതിൻപ്രകാരം മട്ടാഞ്ചേരി, എറണാകുളം മേഖലയിലെ ഏകീകൃത ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയെങ്കിലും ഈ ലിസ്റ്റിനെതിരെ നിരവധി തൊഴിലാളികൾ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും തുടർന്ന് ഈ കേസുകൾ പരിഗണിച്ച്, കൊച്ചി നഗരസഭയിലെ പ്രത്യേക സാഹചര്യം കൂടി കണക്കിലെടുത്ത്, 7-10-2009ലെ സ.ഉ.(സാധാ) നം.2569/2009/തസ്വഭവ പ്രകാരം 31.08.2009 വരെ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ച 770 പേരുൾപ്പെടുന്ന സി.എൽ.ആർ ലിസ്റ്റിന് 28/10/2010 ലെ സ.ഉ (സാധാ) നം.3351/10/തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിരുന്നു. ടി ലിസ്റ്റിൽ ഉള്ള 770 പേരെ ഒഴിവ് വരുന്ന മുറയ്ക്ക് സ്ഥിരപ്പെടുത്തുകയാണ് കൊച്ചി നഗരസഭയിൽ ചെയ്തത്. ദിവസവേതന വ്യവസ്ഥയിലും CLR വ്യവസ്ഥയിലും ജോലി ചെയ്ത കാലയളവ് പെൻഷൻ ആനുകൂല്യത്തിന് പരിഗണിക്കുവാൻ സാധിക്കുകയില്ല. നഗരസഭകളിൽ ശുചീകരണ തൊഴിലാളികളുടെ സ്ഥിര തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക്, ബദൽ തൊഴിലാളികളുടെ ലിസ്റ്റിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുകയാണ് ചെയ്യുന്നത്. 1-4-2013 ന ശേഷം റഗുലറൈസ് ചെയ്ത ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ നയപരമായ തീരുമാനമാണ്. നിലവിലുള്ള ചട്ടങ്ങളെയും ഉത്തരവുകളെയും മറികടന്ന് ഏതെങ്കിലുമൊരു വ്യക്തിക്കോ വിഭാഗത്തിനോ മാത്രമായി ഇളവ് അനുവദിക്കുന്നത് തെറ്റായ പ്രവണതയായി ചൂണ്ടിക്കാണിക്കപ്പെടുകയും ആയത് സർക്കാരിന്റെ പൊതു നയങ്ങളെ ഖണ്ഡിക്കുകയും ചെയ്യും. ആയതിനാൽ സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയ 01.04.2013 ന് ശേഷം 2015 മുതൽ മാത്രം സർക്കാരിന് കീഴിൽ ഒരു റഗുലർ തസ്തികയിൽ സ്ഥിരനിയമനം ലഭിച്ചിരിക്കുന്ന ശ്രീ. കെ എൻ സുരേഷ് മുതൽ പേർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമാവുക. ആയതിനാൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന അപേക്ഷകരുടെ ആവശ്യം അംഗീകരിക്കുവാൻ സാധിക്കാത്തതിനാൽ നിരസിച്ച് ഉത്തരവാകുന്നു.

4. പരാമർശം (2) പ്രകാരമുള്ള വിധിന്യായം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR MANJU K

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

ശ്രീ. കെ.എൻ സുരേഷ് മുതൽപേർ, കണ്ടിജന്റ് വർക്കർ, കൊച്ചി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 21-10-2023 16:46:44

സെക്ഷൻ ഓഫീസർ